**മനുഷ്യരെപ്പോലെ വ്യത്യസ്തമാണ് അവന്റെ / അവളുടെ മതങ്ങളും.**
**വൈവിധ്യമാർന്ന ഈ മത വീക്ഷണങ്ങളുടെ സൂക്ഷ്മതലത്തിലുള്ള സമാനതകളും**
**ഘടനാപരമായ ഏകത്വവും വിശദീകരിക്കുന്നു**

**നടരാജഗുരു**

# ഏകമതം

**കുറേ** മനുഷ്യർ അവരുടെ ജീവിതത്തിൽ, ചില പ്രത്യേക വിശ്വാസാചാരങ്ങളെ പിന്തുടരുമ്പോൾ നമുക്കതിനെ മതം എന്ന് വിളിക്കാനാവും. മതത്തിൽ വിശ്വാസവും പ്രവൃത്തിയും ഒരുമിക്കുന്നു. എന്നാൽ, ഈ വിശ്വാസികളിൽ ഒരു കൂട്ടർ ഞായറാഴ്ചകളിലും മറ്റൊരു കൂട്ടർ ശനിയാഴ്ചകളിലുമാണ് പള്ളിയിൽ പോകുന്നതെങ്കിൽ, രണ്ട് കൂട്ടരുടെയും മതാചാരങ്ങളിൽ ചില വ്യത്യാസങ്ങൾ ഉള്ളതായി നമുക്ക് പറയാനാവും. ഈ വ്യത്യാസം ബോധ്യപ്പെട്ട് കഴിഞ്ഞാൽ, രണ്ട് കൂട്ടരോടും അവരവരുടെ ആചാരങ്ങളെക്കുറിച്ച് കൂടുതൽ ചോദിക്കുവാനും അങ്ങനെ വ്യത്യസ്ത മതവിഭാഗങ്ങളിൽ ഏതിലെങ്കിലും അവരെ നമുക്ക് ഉൾപ്പെടുത്തുവാനും കഴിയും. ഒരു കൂട്ടർക്കിടയിൽ ഇല്ലാത്ത വിശ്വാസാചാരങ്ങൾ അവരുടെ മേൽ ആരോപിക്കുവാൻ നമുക്ക് യാതൊരു അവകാശവും ഇല്ല. അങ്ങനെ ത്രിത്വവിശ്വാസികൾ, ദൈവീകതയുടെ മൂന്ന് മാനങ്ങളിൽ തങ്ങൾ വിശ്വസിക്കുന്നതായി നമ്മളോട് പറയുമ്പോൾ, ഏകത്വ വിശ്വാസികൾ അത് നിഷേധിച്ചിട്ട്, തങ്ങൾ ഒന്നിൽ മാത്രം വിശ്വസിക്കുന്നതായി പറയും. നമ്മൾ ഇരുകൂട്ടരേയും കൂട്ടികലർത്താതെ വ്യത്യസ്ത മതവിഭാഗങ്ങളായി പരിഗണിക്കുന്നത് തീർത്തും ന്യായമായിരിക്കും.

ഏതൊരു മതത്തിന്റെയും സവിശേഷ സ്വഭാവങ്ങൾ നിർണ്ണയിക്കുവാൻ, ആ മതത്തെ വസ്തുനിഷ്ഠമായോ (objective) ആത്മനിഷ്ഠമായോ (subjective) വിലയിരുത്തേണ്ടതുണ്ട്. അതായത് മതങ്ങളെ, ഒന്നുകിൽ അവയുടെ ബാഹ്യമായ ആചാരങ്ങളെ മുൻനിറുത്തിയോ, അല്ലെങ്കിൽ ആന്തരികമായ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിലോ നമുക്ക് വിശകലനം ചെയ്യാം. എന്നാൽ ഒരാൾ പറയുകയാണ് “ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു; എന്നാൽ ഞാൻ പള്ളിയിൽ പോവുന്നില്ല, എന്റെ വിശ്വാസത്തിന് നിരക്കുന്ന രീതിയിലൊന്നും ജീവിക്കുന്നുമില്ല;” ഇയാളെ നമുക്ക് ഒരു മതത്തിലും പെടുത്തുവാനാവില്ല. പരമാവധി നമുക്കയാളെ ഒരു കപടവിശ്വാസിയായി പരിഗണിക്കാം.

## മതങ്ങളുടെ വർഗീകരണം

വ്യത്യസ്ത മതപ്രസ്ഥാനങ്ങളേയും അതിന്റെ വിശ്വാസികളേയും വിശകലനം ചെയ്ത് വേർതിരിക്കുന്ന ഈ രീതി മനസ്സിൽവെച്ച് ലോകമൊട്ടാകെയുള്ള മതവിഭാഗങ്ങളിലേക്ക് നോക്കിയാൽ അവയെ നമുക്ക് രണ്ടായി തിരിക്കാനാവും.


തങ്ങളുടെ അനുയായികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആശ്വാസമോ സന്തോഷമോ വാഗ്ദാനം ചെയ്യാത്ത ഒരു മതവും ഇല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഒരു മതത്തിനും അസന്തുഷ്ടി ആത്യന്തിക ലക്ഷ്യമോ, ആദർശമോ ആയി കരുതുവാൻ നിവൃത്തിയില്ല. കാരണം, അസന്തുഷ്ടിക്കായി മനുഷ്യർ ആരും ആഗ്രഹിക്കുന്നില്ല. തീർച്ചയായും, അസന്തുഷ്ടിയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ആവർത്തിച്ച് പറയാനിടയുള്ള ചില വട്ടന്മാരെ നമുക്ക് കണ്ടെത്താനാവും. എന്നാൽ

അങ്ങനെയൊരു നിഷേധാത്മക മൂല്യം, കാര്യഗൗരവമുള്ള ഏതെങ്കിലും മതവിഭാഗത്തെ പ്രചോദിപ്പിക്കുന്നതായി കരുതാൻ നിവൃത്തിയില്ല. ഇങ്ങനെ ഏതു മതവിഭാഗത്തെയും പ്രചോദിപ്പിക്കുന്ന പൊതു ആദർശം അഥവാ ലക്ഷ്യം സന്തോഷമാണെന്ന് നമ്മൾ സമ്മതിക്കുമ്പോൾ, അതിനൊപ്പം നാം അംഗീകരിക്കുന്ന കാര്യമാണ്, മനുഷ്യരെ സംബന്ധിച്ച് ഏതെങ്കിലും രീതിയിൽ പ്രസക്തമായ മൂല്യങ്ങളിലാണ് മതങ്ങളെല്ലാം തങ്ങളുടെ വിശ്വാസത്തെ പ്രതിഷ്ഠിക്കുന്നതെന്ന്. അങ്ങനെ ബുദ്ധമതവിശ്വാസികൾ നിർവാണത്തെക്കുറിച്ചും, ക്രിസ്ത്യാനികൾ സ്വർഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണനാകാനാവുന്ന നിത്യജീവിതത്തെക്കുറിച്ചും പറയുന്നു. പുനർജന്മത്തിൽ നിന്ന് രക്ഷപ്പെടലാണ് ഹിന്ദുക്കൾക്ക് മോക്ഷം. ഇസ്ലാം മതവിശ്വാസിയാവട്ടെ പരമോന്നതനായ അല്ലാഹുവിന്റെ ഇച്ഛ അനുസരിക്കുവാൻ ആഗ്രഹിക്കുന്നു; അങ്ങനെ അയാൾക്ക് അന്ത്യവിധി ദിനത്തിൽ അല്ലാഹുവിനെ പ്രീതിപ്പെടുത്തുവാനും അല്ലാഹുവിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടുവാനും കഴിയും. യഹോവയും ജൂപ്പിറ്ററും സ്യൂസും മറ്റ് പ്രവാചകമതങ്ങളുടെ പരമദൈവങ്ങളാണ്. ഭാവിയിലെ ഒരു അന്ത്യവിധിദിനത്തിൽ ദൈവത്തിന്റെ മുൻപിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന് വിശ്വസിക്കുന്ന മതങ്ങളാണ് പ്രവാചകമതങ്ങൾ. ഇക്കൂട്ടത്തിലെ തന്നെ ചില മതങ്ങൾ അന്ത്യവിധി ദിനത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്നവയാണ്.

ഭാവിയെ കൂടുതൽ കണക്കിലെടുക്കുന്ന ഈ രീതിയിൽ നിന്ന് വ്യത്യസ്തമായി, പഴയ കാലത്തെ ആചാര സമ്പ്രദായങ്ങളെ അതേപടി പിന്തുടരുന്ന കുറേ മതങ്ങളെയും നമുക്ക് കാണാനാവും. ഇത്തരം മതങ്ങളിൽ ഉൾപ്പെട്ടവരെ, സത്യവിശ്വാസികളായി സ്വയം കരുതുന്നവർ പലപ്പോഴും പ്രാകൃതരായും അവിശ്വാസികളായും അതിനാൽ നിന്ദിക്കപ്പെടേണ്ടവരായും മനസ്സിലാക്കുന്നു. ഏതായാലും ഇങ്ങനെ നമ്മൾ മതജീവിതത്തിലെ രണ്ടു പ്രധാന വിഭാഗങ്ങളെ തിരിച്ചറിയുന്നു; അന്ത്യവിധി ദിനത്തിൽ വിശ്വസിക്കുന്നവരും, ഭാവിയിലെ അങ്ങനെയൊരു സംഭവത്തിന് വലിയ പ്രാധാന്യം കൊടുക്കാത്തവരും. ഇവരെ നമുക്ക് യഥാക്രമം പ്രവാചകമതങ്ങളെന്നും, ഗോത്രമതങ്ങളെന്നും വിളിക്കാം.

## കൂടുതൽ തിരിവുകൾ

പ്രവാചകമതങ്ങളും, ഗോത്രമതങ്ങളും തമ്മിൽ പ്രാഥമികമായ ഈ വേർതിരിവ് നടത്തിയശേഷം, സന്തോഷമെന്ന മൂല്യത്തെ ലക്ഷ്യം വെക്കുന്ന അവരുടെ ആചാരവിശ്വാസങ്ങളെ നമുക്ക് കൂടുതൽ പരിശോധിക്കാം. അങ്ങനെ വിശകലനം ചെയ്യുമ്പോൾ, ഗോത്രവർഗ്ഗക്കാരെന്ന് വിളിക്കപ്പെടുന്നവരിൽ തന്നെ വെളിച്ചത്തിന്റെയും, അറിവിന്റെയും പ്രതിരൂപം എന്ന നിലയിൽ ഭൗതീക വസ്തുക്കളെയും, പ്രകൃതിശക്തികളെയും ആരാധിക്കുന്നവരെ നമുക്ക് കാണാനാവും. സകലതിലും ജീവനുണ്ടെന്ന് വിശ്വസിക്കുന്ന അനിമിസ്റ്റുകളായോ,



ഭൗതീകവാദികളായോ അവർ അറിയപ്പെടുന്നു. സോക്രട്ടീസ് പൂർവ കാലഘട്ടത്തിലെ അയോണിയൻ (ionian), എലിയാറ്റിക് (eleatic), തത്വചിന്തകന്മാർ ഇക്കൂട്ടത്തിൽപ്പെടുന്നവരാണ്. ഇതിന് വിരുദ്ധമായി വെറും ഗണിതശാസ്ത്ര തത്വങ്ങളേയോ, മൂല്യങ്ങളെയോ മഹത്വവൽക്കരിക്കുന്നുവെന്ന പേരിൽ പൈതഗോറസിനോട് അന്നത്തെ അഥീനിയക്കാർ മോശമായാണ് പെരുമാറിയിരുന്നത്.

അതേസമയം അറിവിനോ, വെളിച്ചത്തിനോ പകരം, തീർത്തും ദ്രവ്യത്തിന് (matter) മാത്രം പ്രാധാന്യം കൊടുത്തിരുന്ന ചില കൂട്ടരും ഉണ്ടായിരുന്നു. തത്വശാസ്ത്രപരമായി അവർ ഹൈലോസോയ്സ്റ്റുകൾ എന്നറിയപ്പെടുന്നു. സ്വന്തം ജീവിതം ക്രമീകരിക്കുന്നതിൽ താത്വീകമൂല്യങ്ങൾക്കൊന്നും അവർ പ്രാധാന്യം കൽപ്പിച്ചിരുന്നില്ല; മറിച്ച് ദ്രവ്യമായിരുന്നു പ്രധാനം. ഇങ്ങനെ, തയിൽസിൽ (thales)തുടങ്ങി ഹെറാക്ലീറ്റസി (heraclitus)ലൂടെ അഗ്രിജെന്റത്തിലെ എമ്പെടോക്ലസ് (empedocles of agrigentum)വരെ, അടിസ്ഥാനപരമായി ഭൗതീകവാദികളായിരുന്ന അനിമിസ്റ്റു(animist)കളുടെയും , ഹൈലോസോയിസ്റ്റു(hylozoist)കളുടേയും ഒരു നീണ്ടനിര തന്നെ നമുക്കുണ്ട്. ഇക്കൂട്ടരെ നാം അണിനിരത്തേണ്ടത്, പ്ലേറ്റോയേയും അരിസ്റ്റോട്ടിലിനെയും പോലുള്ള ദാർശനികർക്ക് ബഹുമാന്യമായിരുന്നതിന്റെ എതിർ ദിശയിലാണ്. തോമിസവും (thomism)അഗസ്റ്റിനിയനിസവും (augustinianism) ഉടലെടുത്തത് അരിയോപാഗൈറ്റിലെ ദയോനിസ്യൂസിൽ (dionysius the areopagite) നിന്നും, പ്ലേറ്റോ അനന്തര അലെക്സാണ്ട്രിയയിലെ പ്ലോട്ടിനസത്തിൽ നിന്നുമാണ്.

ക്രിസ്തുമതത്തിന്റെയും ഇസ്ലാം മതത്തിന്റെയും പൊതു പൂർവികനായ അബ്രഹാം വിഗ്രഹാരാധനയെ മോഷണമോ കൊലപാതകമോ പോലെ അങ്ങേയറ്റം നിന്ദ്യമായി കരുതി. ഖുറാന്റെ സമാനമായ വീക്ഷണത്തിൽ, അവിശ്വാസികളെ ആനകളുടെ കാൽകീഴിലിട്ട് ഉരുട്ടാവുന്നതാണ്. ഇത്തരം ഏകപക്ഷീയ ആവേശത്തിന്റെ ഉദാഹരണങ്ങളായി ഇന്ത്യയുടെ ചരിത്രത്തിലെ പല സംഭവങ്ങളെയും കാണാനാവും. ഏതായാലും ഹിന്ദുക്കളും, ഇരുട്ടിന്റെ ശക്തികളേക്കാൾ വെളിച്ചത്തിന്റെയും ജ്ഞാനത്തിന്റെയും പ്രതിനിധിയായ ദൈവത്തിന് പ്രാധാന്യം കൊടുക്കാതെയില്ല.

## അവിശ്വാസവും വിശ്വാസവും

ഇനി നമ്മൾ മറുവശത്തേക്ക് കണ്ണോടിച്ച്, ശാസ്ത്രത്തിലുള്ള മതപരമായ വിശ്വാസത്തെ പരിശോധിച്ചാൽ, നമുക്ക് എളുപ്പം കാണാവുന്ന കാര്യമാണ്, വിശ്വാസത്തിന്റെയും അവിശ്വാസമെന്ന് അറിയപ്പെടുന്ന ശാസ്ത്രത്തിന്റെയും വശങ്ങളിൽ ഒരുപോലെ ധാരാളം രക്തസാക്ഷികൾ ഉണ്ടെന്നത്. വിശ്വാസത്തിന്റെ പേരിൽ റോമൻകാരാൽ വേട്ടയാടപ്പെട്ട ആദിമക്രിസ്ത്യാനികളെ പോലെ ജിയോർദാനോ ബ്രൂണോയും ഗലീലിയോ ഗലീലിയും ആധുനികശാസ്ത്രത്തിന്റെ രക്തസാക്ഷികളാണ്. ഇങ്ങനെ വിശ്വാസത്തിന്റെയും അവിശ്വാസത്തി

ന്റെയും വശങ്ങളിൽ ഒരുപോലെ രക്തസാക്ഷിത്വം ഉണ്ടെന്നത് വ്യക്തമാക്കുന്നത്, 'ഹോമോസാപിയെൻസ്' എന്ന് വിളിക്കപ്പെടുന്ന ജീവിവർഗ്ഗത്തിന്റെ സ്വഭാവത്തിൽ ഈ രണ്ട് പ്രവണതകളും ഉൾപ്പെടുന്നുവെന്നാണ്. അതുപോലെ ബുദ്ധമതം അടിസ്ഥാനപരമായി ദൈവശാസ്ത്ര സ്വഭാവമുള്ളതല്ല; എന്നാൽ അതിന്റെ വിശ്വാസികൾ, യുക്തിപരമോ സദാചാരപരമോ ആയ ചില മൂല്യങ്ങളെ ദൈവതുല്യം ആരാധിക്കുന്നില്ലെന്ന് അതിനു അർത്ഥമില്ല.

മറ്റൊരു തരത്തിൽ പറഞ്ഞാൽ, മതം ദൈവശാസ്ത്രപരമോ യുക്തിപരമോ ആവട്ടെ അതിന്റെ പ്രാഥമികമായ ഉള്ളടക്കം മനുഷ്യന്റെ സന്തുഷ്ടിക്ക് സഹായകരമായ ഒരു ഉന്നത മൂല്യം ആയിരിക്കും. ഓരോ മതവും ഏതെങ്കിലും വിശ്വാസത്തിലൂടെയോ ആചാരത്തിലൂടെയോ ദുഃഖത്തെ ഒഴിവാക്കുവാനും സന്തോഷത്തെ വാഗ്ദാനം ചെയ്യാനും ആഗ്രഹിക്കുന്നു. ഈ വീക്ഷണത്തിൽ കമ്മ്യൂണിസത്തെപ്പോലും ഒരു മതമെന്നോ, കുറഞ്ഞപക്ഷം മതസ്വഭാവമുള്ളതെന്നോ പറയാനാവും; സ്വർഗ്ഗത്തിന് പകരം അത് വാഗ്ദാനം ചെയ്യുന്നത്, ഒരു വർഗരഹിത സമൂഹമോ തൊഴിലാളി വർഗ്ഗത്തിന്റെ സർവാധിപത്യമോ ആണെന്ന് മാത്രം. ഇങ്ങനെ, അവിശ്വാസമെന്നോ യുക്തിസഹമെന്നോ ദൈവാധിഷ്ടിതമെന്നോ അറിയപ്പെടുന്ന മതങ്ങളെയെല്ലാം നമുക്ക് താരതമ്യം ചെയ്യാനാവും. എല്ലാ മതങ്ങളുടേയും ചട്ടകൂടുകൾക്കുള്ളിൽ അവർ പരമമായി കരുതുന്ന മൂല്യത്തെ ഉൾക്കൊള്ളുന്ന ഒരു മാനദണ്ഡം ഉണ്ടായിരിക്കും. തുറന്നതും വസ്തുനിഷ്ഠവും സത്യസന്ധവുമായ സമീപനത്തിലൂടെ, യാഥാസ്ഥിതികവും യാഥാസ്ഥിതികവിരുദ്ധവുമായ മതങ്ങൾക്കെല്ലാം ബാധകമായ ഈ ഘടനാപരമായ അനിവാര്യത നമുക്ക് ഭാവനയിൽ കാണാനാവണം; അവിശ്വാസികൾക്കും വിശ്വാസികൾക്കും ഒരുപോലെ പ്രിയപ്പെട്ട ഉന്നത മൂല്യങ്ങളുടെയെല്ലാം താരതമ്യപഠനം നമുക്ക് അപ്പോൾ സാധ്യമാണ്. മതം എന്നത് അങ്ങനെ അവിശ്വാസമെന്ന പേരിൽ അറിയപ്പെടുന്നതടക്കമുള്ള എല്ലാവിധ മതരൂപങ്ങളേയും ഉൾക്കൊള്ളുന്നതാവും. അവിശ്വാസമെന്നത് ഒരുതരം നിഷേധാത്മക വിശ്വാസമാണ്. മറ്റേതൊരു മതവിശ്വാസത്തേയും പോലെ അതിനും ഭ്രാന്തമാവാനാവും; ഇക്കാര്യത്തിൽ അതിന്റെ പേര് കൊണ്ട് മാത്രം നാം തെറ്റിദ്ധരിക്കപ്പെടരുത്. വിശ്വാസികൾക്ക് തുല്യരായ അവിശ്വാസികളും നേരെ തിരിച്ചുമുണ്ട്.

## അന്തർലീനമായിരിക്കുന്ന ഘടനാപരമായ ഏകത്വം

കറുത്തതും വെളുത്തതും എന്ന് ഭഗവത്ഗീത വിശേഷിപ്പിച്ച, ആദ്ധ്യാത്മിക മാർഗ്ഗത്തിന്റെ ചരിത്രത്തിലുടനീളമുള്ള രണ്ടു വിരുദ്ധ പാതകൾക്കിടയിൽ ഒരു മധ്യമാർഗ്ഗം നമുക്ക് സ്വീകരിക്കാനായാൽ, എല്ലാ മതങ്ങളുടേയും ഹൃദയത്തിൽ ഒരു വാഗ്ദത്തമൂല്യം ഉള്ളതായി നമുക്ക് കാണാനാവും. ഈ മൂല്യത്തിനായി ഒരുവൻ അതത് മതങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചില കാര്യങ്ങൾ ഉൾക്കൊള്ളുകയും, മോശമായി കരുതപ്പെടുന്നവ ഒഴിവാക്കുകയും വേണം. എന്നാൽ ഒരു മതം അനാദരിക്കുന്നത് എല്ലായ്പ്പോഴും മറ്റൊരു മതത്തിന് നിന്ദ്യമാവണമെന്നില്ല. ഒരു മുസൽമാന് പന്നിമാംസം കഴിക്കുന്നത് നിഷിദ്ധമാണ്; എന്നാൽ ഒരു സിഖുകാരന് താൻ അങ്ങനെ ചെയ്യുന്നത് അൽപ്പം കേമത്തരമായിപ്പോലും തോന്നാം. അതുപോലെ സിഖുകാരനെ സംബന്ധിച്ച് നീണ്ടമുടി പ്രശംസനീയമാണ്. എന്നാൽ മറ്റ് ചില മതങ്ങളെ സംബന്ധിച്ച് മുടി വടിക്കുന്നതാണ് ആചാരം. ദ്രവ്യവും (body) പ്രതിദ്രവ്യവും (antibody) പോലെയാണ് ചരിത്രപരമായി ഇതിന്റെ വളർച്ച. ചിലപ്പോൾ ഒരു ചരിത്രസന്ദർഭം തന്നെ ഇത് രണ്ടിനേയും സൃഷ്ടിക്കും. ഒന്നിൽ കൂടുതൽ ഊന്നുന്നത് മറ്റേതിന്റെ വിത്ത് വിതക്കലാവും. അങ്ങനെ വിഗ്രഹാരാധനയും വിഗ്രഹഭഞ്ജനവും പരസ്പരം ചൂടും ചൂരും പകരുകയും അനാവശ്യ വാശികളിലൂടെ കലാപങ്ങൾ ആളികത്തിക്കുകയും ചെയ്യുന്നു.

ഇത്തരം വ്യത്യസ്തമായ ഉദാഹരണങ്ങളിലൂടെ നമ്മൾ ആകെ ചൂണ്ടികാണിക്കുവാൻ ആഗ്രഹിക്കുന്നത്, ഏകപക്ഷീയമായ ആവേശങ്ങളും പെരുപ്പിക്കലുകളും ഒഴിവാക്കിയുള്ള ഒരു മതജീവിതത്തിന്റെ സാധ്യതയാണ്. പോന്റിയസ് പൈലേറ്റ് (pontius pilate) ചോദിച്ചു; എന്താണ് സത്യം? സത്യം എന്നത് ഒരു ദ്വിമാന വിഷയം പോലും അല്ല. അതിന്റെ ബഹുമുഖ സംയോജകശേഷി (polyvalance) കാണിക്കുന്നത് കുറഞ്ഞപക്ഷം അതൊരു ചതുർമാന (four dimensional) ചതുർഭുജ (quanterenion) ഘടനയോട് കൂടിയതാണെന്നാണ്. സമാനമായ ചതുർഭുജഘടന, ചതുർമാനപ്രപഞ്ചം എന്ന പേരിൽ ആധുനികശാസ്ത്രം അവതരിപ്പിച്ചിട്ടുള്ളതും ഭൗതീകശാസ്ത്രം അംഗീകരിച്ചിട്ടുള്ളതുമാണ്. അതിഭൗതീകശാസ്ത്രത്തിലും (metaphysics) ഈ ദർശനം നിലനിൽക്കുന്നുണ്ട്. യാഥാർത്ഥ്യത്തെ കുറിച്ചുള്ള ഈ ഉൾക്കാഴ്ച്ച, എല്ലാ മതങ്ങളുടെയും വിശുദ്ധഗ്രന്ഥങ്ങളിൽ ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്ത് നമുക്ക് കാണാനാവുന്നതും, മതങ്ങളുടെ താരതമ്യപഠനത്തിലൂടെ പൂർണ്ണമായി വെളിച്ചത്ത് കൊണ്ടുവരാൻ കഴിയുന്നതുമാണ്. കൃത്യമായ ഒരു സമന്വയശാസ്ത്രത്തിന് (unified science) മാത്രമാണ് ഇങ്ങനെ എല്ലാ മതങ്ങളിലും (ശാസ്ത്രങ്ങളിലും) ഒരുപോലെ അന്തർലീനമായിരിക്കുന്ന ഘടനാപരമായ സവിശേഷതകളെ വെളിപ്പെടുത്താനാവുക; അത് സാധിക്കുമ്പോൾ ഒരു മതവിശ്വാസിക്ക് തന്റെ എതിർചേരിയിലുള്ളവനുമായി കണ്ണോടുകണ്ണ് നോക്കാനാവും; പഴംകഥയിൽ പരാമർശിക്കുന്ന, ആനയുടെ ചില ഭാഗങ്ങൾ മാത്രം പരിശോധിച്ച അന്ധൻമാർക്കും, പൊതുസമ്മതത്തിൽ എത്താനാവുന്നത് ആനയെ മുഴുവനായി അറിയാനാവുമ്പോഴാണ്.

അതായത്, എല്ലാ തരം മതങ്ങളിലുമുള്ള മനുഷ്യരുടെ സന്തോഷത്തെ ലക്ഷ്യമാക്കുന്ന രൂപഘടനയെക്കുറിച്ചുള്ള തിരിച്ചറിവാണ് ഇന്നത്തെ സാഹചര്യങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കാനാവുക. അത് തരുന്ന സമന്വയബുദ്ധിയിലൂടെ, മനുഷ്യരുടെ പൊതുവായ ലക്ഷ്യങ്ങളെയെല്ലാം പ്രതിനിധീകരിക്കുന്ന ഒരു ആദ്ധ്യാത്മിക മൂല്യത്തിന്റെ പേരിൽ നമുക്ക് എല്ലാ പ്രശ്നങ്ങളേയും ഒഴിവാക്കാനാവും. ആ രീതിയിൽ നോക്കുമ്പോൾ മനുഷ്യരാശിക്ക് ആകെ ഒരു മതം/ലക്ഷ്യമേയുള്ളു; സമന്വിത ജീവിതത്തിലൂടെ പൂർണ്ണമായ സന്തോഷം എന്നതാണത്. ഇങ്ങനെ എല്ലാ മതങ്ങളുടേയും ഉള്ളിലുള്ള ഒരുമ ബുദ്ധിയുള്ള മനുഷ്യർക്കെല്ലാം ബോധ്യമാവുമ്പോൾ, മനനം സാധ്യമായതെന്ന അർത്ഥത്തിൽ 'ഹോമോസാപിയൻസ്' എന്ന് ജീവശാസ്ത്രം വിളിക്കുന്ന മനുഷ്യരാശിയുടെ മഹത്വത്തിന് നിരക്കാതെ വിശുദ്ധയുദ്ധങ്ങൾ കാലഹരണപ്പെടും.

*(ഗുരുവിന്റെ Experiencing one - world എന്ന പുസ്തകത്തിലെ one - relegion എന്ന ലേഖനത്തിന്റെ പരിഭാഷ. പ്രസാധകർ: ഡി.കെ. പ്രിന്റ് വേൾഡ്, ന്യൂഡൽഹി.)*